LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരുടെ നിയമനം—റഗുലറൈസേഷനും

100 [1510] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ നിയമനം റഗുലറൈസ് ചെയ്തു എന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ വിഭാഗത്തിലും എത്രപേർവീതം ഉണ്ട് എന്നും അതിലൂടെ സർക്കാരിന് എത്ര രൂപയുടെ ബാദ്ധ്യത ഉണ്ടായിരുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് റഗുലറൈസേഷൻ നൽകിയ അദ്ധ്യാപകരിൽ നിയമന നിരോധനം ഉണ്ടായിരുന്ന കാലത്ത് മാനേജ്മെന്റുകൾ നിയമിച്ചവർ എത്രപേർ ഉൾപ്പെടും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എല്ലാ വിഭാഗം അദ്ധ്യാപകരുടേയും നിയമനം റഗുലറൈസ് ചെയ്യുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കൃത്യമായ വിവരം ഇപ്പോൾ ലഭ്യമല്ല.

പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനും ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും നടപടി

101 [1511] ശ്രീ. സ്റ്റീഫൻ ജോർജ്:
,, തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടു അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനും ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനും സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) 1999-2000, 2000-2001, 2001-2002 എന്നീ അദ്ധ്യയന വർഷങ്ങളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് 2001 ഡിസംബർ മുതൽ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളം നൽകിയിട്ടുണ്ട്. 2001 ഡിസംബറിന് മുമ്പുള്ള കാലയളവിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വേതനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്.